



# തീർത്ഥം



"അറിവിലുമേറിയറിഞ്ഞിടുന്നവൻത-
ന്നരുവിലുമൊത്ത പുറത്തുമുജ്ജ്വലിക്കും
കരുവിനു കണ്ണുകളഞ്ചുമുള്ളടക്കി-
ത്തെരുതെരെ വീണുവണങ്ങിയോതിടേണം."

# സമർപ്പണം



" അജ്ഞാനമാകുന്ന അന്ധകാരത്തിൽ നിന്ന് ജ്ഞാനത്തിന്റെ മഹാസാഗരത്തിലേക്ക് ഒരുപ്രദേശത്തെ നയിച്ച മഹാനുഭാവനായ തീർത്ഥർ സ്വാമികൾക്ക് സമർപ്പിക്കുന്നു."

ആശംസയോടെ........

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഹൈടെക് സ്കൂൾ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.
ഇത്തരം പദ്ധതികളിൽ വിദ്യാർത്ഥികളെ കൂടി ഉൾപെടുത്താനായിട്ട രൂപീകരിച്ച "ലിറ്റിൽ കൈറ്റ്സ്" എന്ന ഐ. ടി. ക്ലബ് വളരെ മികച്ച പ്രവർത്തനമാണ് നമ്മുടെ സ്കൂളിൽ കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്.
അതിന്റെ ഭാഗമായി നിരവധി കുരുന്നു പ്രതിഭകളുടെ രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് "തീർത്ഥം".

സർഗാത്മക മേഖലകളിൽ കഴിവ് തെളിയിച്ച എല്ലാ കുട്ടികൾക്കും അതോടൊപ്പം ഈ മാഗസിന്റെ പ്രസിദ്ധീകരണത്തിന് വേണ്ടി അർപ്പണമനോഭാവത്തോടെ പ്രവർത്തിച്ച എഡിറ്റോറിയൽ ബോർഡിനും അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ .
വിജയാശംസകൾ നേർന്നു കൊണ്ട്,

പ്രിൻസിപ്പാൾ



# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി കുറിച്ചി എ വി എച്ച്എസിലും ഹൈടെക് ക്ലാസ് റൂമുകളും ഐ സിടി അധിഷ്ഠിതപഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്.

ഐസിടി പ്രവർത്ത നങ്ങളിൽ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ് ആരംഭിക്കുകയുണ്ടായി.

ലിറ്റിൽ കൈറ്റ് പരിശീലന പ്രവർത്തനങ്ങളിൽ ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ഭാഗമായി മലയാളം ടൈപ്പിംഗ്, വേർഡ് പ്രോസസിങ് തുടങ്ങിയവ വിദ്യാർത്ഥികൾ പരിശീലിക്കുന്നുണ്ട്.

ലിറ്റിൽകൈറ്റ് ഐടി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഭാഷാപ്രവർത്തനത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിവരികയാണ്.കയ്യെഴുത്തുമാസികകളിൽ നിന്ന് വ്യത്യസ്തമായി ആധുനികസാങ്കേതികവിദ്യകൾ ഉപയോഗിച്ച് വിദ്യാർത്ഥികൾ തന്നെ മാഗസിൻ തയ്യാറാക്കുന്നു എന്നുള്ളത് ഏറെ അഭിനന്ദനാർഹമാണ്. ഒപ്പം ഒരു പ്രഥമാധ്യാപിക എന്നുള്ള നിലയിൽ എനിക്ക് ഏറെ അഭിമാനകരവുമാണ്. അധ്യാപകരും സ്കൂൾ പിടിഎയും മാനേജ്മെന്റും എല്ലാ പിന്തുണയുമായി കുട്ടികൾക്കൊപ്പം തന്നെ ഉണ്ട്. കൈറ്റ് മാസ്റ്റർ ശ്രീമതി വി വി മായാദേവിയുടെ മേൽനോട്ടത്തിൽ നടക്കുന്ന ഈ ഒരു ഉദ്യമത്തിന് എല്ലാവിധ ആശംസകളും ഞാൻ നേർന്നു കൊള്ളുന്നു.

ഹെഡ് മിസ്ട്രസ്



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: അനുജ അനൂപ്

സബ് എഡിറ്റർ: അസ്‌ലമോൾ H

കല : നതാഷ A

അംഗങ്ങൾ: മയൂരി മനോജ്,വസുദേവ് R

# ഉള്ളടക്കം

സ്കൂൾ ചരിത്രം

ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് അവലോകനം

മഹാത്മാഗാന്ധി

പാവപ്പെട്ടവൻ്റെ തടിച്ചി ഭാര്യ (കഥ)

സൂര്യൻ (കവിത)

ലഹരിക്ക് അടിമപ്പെട്ട തിനാല് വയസ്സുകാരൻ ( കഥ )

പഴഞ്ചൊല്ലുകൾ (കഥ )

കാലാതീതമായ കാവ്യ പ്രകാശം (ലേഖനം)

എൻ്റെ പട്ടം (കഥ)

പ്രോട്ടീൻ താക്കോൽ (ലേഖനം )

Dream to real life(story)

Quotes of Abdul Kalam

Artificial intelligence(passage)

Social science quiz

Science poem

सुन्दर तस्वीर ( हिन्दी कहानी )

साईबर क्राईम

संस्कृत भाषा महत्वंम


# എ വി എച്ച് എസ് എസ് കുറിച്ചി



ശ്രീ നാരായണഗുരുവിൻ്റെ വൽസല ശിഷ്യനായിരുന്ന ശ്രീ നാരായണ തീർത്ഥർ സ്വാമികൾ ജാതിഭേദങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ കുറിച്ചി പ്രദേശത്ത് കൊല്ലവർഷം 1110 ൽ എത്തിച്ചേർന്നു. 1934 ൽ അദ്വൈത വിദ്യാശ്രമം എന്ന കുടിപ്പള്ളിക്കൂടം നിർമ്മിച്ചു .അംഗീകൃത സ്കൂളാക്കുവാൻ സംസ്കൃതം ശാസ്ത്രി പരീക്ഷ പാസ്സായ അധ്യാപകനെ നിയമിച്ച് തൃദീയം വരെയുള്ള ക്ലാസുകൾക്ക് അംഗീകാരം വാങ്ങിച്ചു. 1950–51 ൽ അക്കാദമിക സ്കൂളായി മാറി. 1953 ൽ അദ്വൈത വിദ്യാശ്രമം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു .കുറിച്ചി, നീലംപേരൂർ, ഈര, ഇത്തിത്താനം പ്രദേശങ്ങളിൽ നിന്നുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് പഠിക്കുന്നതിനുള്ള സൗകര്യം ലഭിച്ചത് ഈ വിദ്യാലത്തിൻ്റെ സംസ്ഥാപനത്തിലൂടെ യായിരുന്നു. 1500 ൽ പരം വിദ്യാർത്ഥികൾ ഒരേ സമയം ഇവിടെ പഠിച്ചിരുന്നു. കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ ലംപ്സം ഗ്രാൻറ് വാങ്ങിയിരുന്ന സ്കൂളായിരുന്നു അദ്വൈത വിദ്യാശ്രമം സ്കൂൾ. ഇവിടുത്തെ പൂർവവിദ്യാർത്ഥികളിൽ പലരും സമൂഹത്തിൻ്റെ ഉന്നത നിലകളിൽ എത്തിച്ചേർന്നിട്ടുണ്ട്.

2007 ൽ സ്കൂൾ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടു .ഇന്ന് ഈ വിദ്യാലയം കേരള സിലബസോടു കൂടിയ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളുള്ള ഹയർ സെക്കണ്ടറി വരെയുള്ള ഉയർന്ന വിദ്യാലയമായി മാറി യിരിക്കുകയാണ്. SSLC ക്ക് നൂറ് ശതമാനം വിജയം കഴിഞ്ഞ കുറേ വർഷങ്ങളായി ലഭിച്ചു വരുന്നതോടൊപ്പം കലാകായിക

| | |
|---|---|
| റവന്യൂ ജില്ല | കോട്ടയം |
| വിദ്യാഭ്യാസ ജില്ല | കോട്ടയം |
| ഉപജില്ല | ചങ്ങനാശ്ശേരി |
| പ്രിൻസിപ്പാൾ | ജെ. നിമ്മി |
| ഹെഡ്മിസ്ട്രസ് | എസ്.ടി. ബിന്ദു |
| പി ടി എ പ്രസിഡണ്ട് | പി. സജീവ് |
| എം.പി ടി എ പ്രസിഡണ്ട് | മിനി കെ. കെ |





പ്രവർത്തിപരിചയ ശാസ്ത്രമേളകളിൽ സബ്ജില്ല റവന്യൂ ജില്ല മൽസരങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിക്കൊണ്ട് സംസ്ഥാന തലത്തിൽ വരെ പങ്കെടുക്കുവാനുള്ള അവസരം ഇവിടുത്തെ കുട്ടികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്, സീഡ് ക്ലബ്, ഫുട്ബോൾ കോച്ചിങ്ങ്, യോഗ പരിശീലനം, ജൂനിയർ റെഡ്ക്രോസ്, സ്കൗട്ട്, ഗൈഡ്സ്, എന്നിവയുടെയെല്ലാം പ്രവർത്തനം സമുജ്വലമായി ഇവിടെ നടന്നു വരുന്നു.

## മാനേജ്മെൻ്റ്

ശിവഗിരി മഠത്തിനു കീഴിൽ എയ്ഡഡ് സ്കൂളായാണ് ഈ വിദ്യാലയം നിലനിൽക്കുന്നത്. ശിവഗിരി മഠം പ്രസിഡണ്ട് സ്വാമി സച്ചിദാനന്ദ , ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ , ട്രഷറർ സ്വാമി ശാരദാനന്ദ , ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് സ്കൂൾസ് മാനേജർ സ്വാമി വിശാലാനന്ദ ,അദ്വൈത വിദ്യാശ്രമം സെക്രട്ടറി സ്വാമി കൈവല്യാനന്ദ സരസ്വതി, എന്നിവരുടെ മേൽനോട്ട ത്തിലാണ് സ്കൂൾ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. സ്കൂളിൻ്റെ നവതി ആഘോഷത്തോടനുബന്ധിച്ച സ്ഥാപിക്കുന്ന ശ്രീനാരായണ തീർത്ഥർ സ്വാമി സ്മാരക കെട്ടിടത്തിൻ്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടേയിരിക്കുന്നു.

ശിവഗിരി മഠത്തിനു കീഴിൽ എയ്ഡഡ് സ്കൂളായാണ് ഈ വിദ്യാലയം നിലനിൽക്കുന്നത്. ശിവഗിരി മഠം പ്രസിഡണ്ട് സ്വാമി സച്ചിദാനന്ദ , ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ , ട്രഷറർ സ്വാമി ശാരദാനന്ദ , ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് സ്കൂൾസ് മാനേജർ സ്വാമി വിശാലാനന്ദ ,അദ്വൈത വിദ്യാശ്രമം സെക്രട്ടറി സ്വാമി കൈവല്യാനന്ദ സരസ്വതി, എന്നിവരുടെ മേൽനോട്ട ത്തിലാണ് സ്കൂൾ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. സ്കൂളിൻ്റെ നവതി ആഘോഷത്തോടനുബന്ധിച്ച സ്ഥാപിക്കുന്ന ശ്രീനാരായണ തീർത്ഥർ സ്വാമി സ്മാരക കെട്ടിടത്തിൻ്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടേയിരിക്കുന്നു.

സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ജെ നിമ്മി ടീച്ചർ , സ്കൂൾ ഹെഡ്മിസ്ട്രസ് ST ബിന്ദു ടീച്ചർ, സ്കൂൾ PTA പ്രസിഡണ്ട് അഡ്വ.സജീവ് സാർ, MPTA പ്രസിഡണ്ട് ശ്രീമതി മിനി KK എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിൻ്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടന്നു വരുന്നു.







# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് അവലോകനം (2022-25 ബാച്ച് )



2023 സെപ്റ്റംബർ 9ന് സ്കൂൾ തല ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് നടന്നു. രാവിലെ 9:30ന് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടന്നു. കൃത്യം 10 മണിക്ക് ബഹുമാനപ്പെട്ട സ്കൂൾ ഹെഡ്മിസ്സ്ട്രെസ് ക്യാ ഉത്ഘാടനം നിർവഹിച്ചു. ലിറ്റിൽ കൈററ്സ് മാസ്റ്റർ മായാദേവി ടീച്ചർ സ്വാഗതം പറഞ്ഞു. ഇത്തിത്താനം എച്.എസ്.എസ് ലെ അഞ്ജലി ടീച്ചറായിരുന്നു ക്ലാസുകൾ നയിച്ചത്.
ആദ്യ സെഷൻ ആനിമേഷൻ ക്ലാസ്സായിരുന്നു.Open ToonZ സോഫ്റ്റ്‌വെയറിന്റെ സഹായത്താലാണ് ആനിമേഷൻ ചെയ്തത്. ഓണപൂക്കളും, ഓണമേളങ്ങൾ എന്നിവ ഉൾപ്പെടെ ഓണഘോഷത്തിന്റെ ഒരു ആനിമേഷൻ ഞങ്ങൾ തയാറാക്കി.ഉച്ചഭക്ഷണത്തിനു ശേഷം വീണ്ടും ക്ലാസ്സ് തുടർന്നു. സ്ക്രാച്ചാണ് ഉച്ചയ്ക്ക് ശേഷം ഞങ്ങൾ പഠിച്ചത്. വളരെ രസകരമായി ക്ലാസുകൾ എടുത്തുതന്നു എന്നതിലുപരി ഞങ്ങൾക്ക് വേറിട്ട ഒരനുഭവമായിരുന്നു ക്യാമ്പ്. ഒരനുഭവമായിരുന്നു ക്യാമ്പ്. IT മേഖലയിൽ കൂടുതൽ ഉണർവ് ലഭിക്കുന്നതിന് ക്യാമ്പ് സഹായിച്ചു. 4:45 ആയപ്പോൾ ക്ലാസ്സ് അവസാനിച്ചു. ക്ലാസിനു നേതൃത്വം നൽകി വിജയകരമാക്കിയ കൈറ്റ് മാസ്റ്റർ മായദേവി ടീച്ചറോട് നന്ദി പറഞ്ഞ 5 മണിയായപ്പോൾ വീട്ടിലേയ്ക്ക് മടങ്ങി.

# FREEDOM FEST









# മഹാത്മാഗാന്ധി



1869 ഒക്ടോബർ 2 ഗുജറാത്തിലെ പോർബന്തർ ജില്ലയിലാണ് ഗാന്ധിജി ജനിച്ചത്. പിതാവ് കരംചന്ദ് ഗാന്ധി, മാതാവ് പുത്തലി ഭായ് . യഥാർത്ഥ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി.1883ൽ കസ്തൂർബ ഗാന്ധിയെ വിവാഹം കഴിച്ചു. നാലു കുട്ടികൾ ഹരിലാൽ മണിലാൽ, ദേവ് ദാസ്, രാംദാസ്. ഇന്ത്യയിലും ഇംഗ്ലണ്ടിലുമായി പഠനം പൂർത്തിയാക്കിയ ഗാന്ധിജി 1891 – ൽ വക്കീലായി ജോലി ആരംഭിച്ചു. ജോലി ആവശ്യത്തിനായി 1893–ൽ ദക്ഷിണാഫ്രിക്കയിൽ എത്തിയ അദ്ദേഹത്തിന് വർണ്ണ വിവേചനത്തിന്റെ പേരിൽ പല ദുരിതങ്ങളും കാണുകയും അനുഭവിക്കേണ്ടിയും വന്നു. ഇത് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവേശനത്തിന് ഇടയാക്കി. ഇന്ത്യക്കാരുടെ അവകാശങ്ങൾക്കായി പോരാടി അദ്ദേഹം "ഗാന്ധിജി" എന്ന് അറിയപ്പെടാൻ തുടങ്ങി. ദക്ഷിണാഫ്രിക്കയിൽ നിന്നും ഗാന്ധിജി 1915 ജനുവരി 9 ഇന്ത്യയിൽ തിരിച്ചെത്തി . ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം ബ്രിട്ടീഷുകാരുടെ കൊള്ളരുതായി മക്കെതിരെ പോരാടാനുള്ള ഉറച്ച മനസ്സുമായി രാഷ്ട്രീയ ജീവിതത്തിൽ സജീവമായി. സത്യവും അഹിംസയും കൈവിടാതെയുള്ള സത്യാഗ്രഹം ആയിരുന്നു ബ്രിട്ടീഷുകാർക്കെതിരെയുള്ള അദ്ദേഹത്തിന്റെ ആയുധം. 1915 മെയ് 25ന് സത്യാഗ്രഹികൾക്കായി അഹ്മദാബാദിൽ സത്യാഗ്രഹാശ്രമം സ്ഥാപിക്കുകയും പിന്നീട് സബർമതി തീരത്തേക്ക് ആശ്രമം മാറ്റിയതോടെ സബർമതി ആശ്രമം എന്നായി മാറുകയും ചെയ്തു. തന്റെ അനിയായികൾക്ക് മാതൃകയായി വളരെ ലളിതമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. സ്വയം നൂല് നൂ
റ്റ ഉണ്ടാക്കിയ വസ്ത്രം ധരിക്കുകയും,സസ്യാആഹാരം മാത്രം ഭക്ഷിക്കുകയും ചെയ്തു. ചമ്പാരൻ സമരം,ഖേഡസമരം, ഉപ്പ്സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യ സമരം, നിസ്സഹകരണ പ്രസ്ഥാനം തുടങ്ങിയവ ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങളാണ്. സത്യാഗ്രഹത്തെ സമരായുധമാക്കി രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച ഗാന്ധിജിയെ രവീന്ദ്രനാഥ ടഗോർ"മഹാത്മ"എന്നും . സുഭാഷ് ചന്ദ്ര ബോസ് "രാഷ്ട്രപിതാവ് " വിശേഷിപ്പിച്ചു. കുട്ടികൾ അദ്ദേഹത്തെ സ്നേഹത്തോടെ "ബാപ്പുജി"യെന്നും വിളിച്ചു. 1948 ജനുവരി 30 ന്യൂഡൽഹിയിലെ ബിർലാമന്ദിറിൽ നാഥുറാം വിനായക് ഗോഡ് സെ എന്ന മത ഭ്രാന്തന്റെ വെടിയേറ്റാണ് ഗാന്ധിജി മരിച്ചത്.

ARYA SURESH
STD 9B

# പാവപ്പെട്ടവന്റെ തടിച്ചി ഭാര്യ

എല്ലാവർക്കും ഇങ്ങനെ ഒരു ഭാര്യയെ ആയിരിക്കും വേണ്ടത്. നല്ല ഭക്ഷണം ഉണ്ടാക്കുന്നവരെ.

എന്നാൽ ഇവിടെ മോഹന് കിട്ടിയ ഭാര്യ എപ്പോഴും തിന്നുകൊണ്ടിരിക്കും. നല്ലവണ്ണം ഉള്ളവളായിരുന്നു. കട്ടിലിൽ നിന്ന് തന്നെ എണീക്കാൻ പാടുപെടും ആയിരുന്നു. എന്നിട്ടും കഴിക്കുന്നത് മാത്രം നിർത്തിയില്ല. കല്യാണസമയത്ത് മോഹന് അറിയില്ലായിരുന്നു ഭാര്യ ഇത്രയും തീറ്റി പണ്ടാരമായിരുന്നു എന്ന്

കാരണം മോഹന്റെ അറേഞ്ച് മാര്യേജ് ആയിരുന്നു.

കല്യാണത്തിനു മുമ്പ് ഭാര്യ ഷഫാരിയെ കണ്ടിട്ട് പോലുമില്ല.

കുടുംബത്തിലെ ഒരു ബന്ധു പറഞ്ഞത് കൊണ്ട് അവളെ കല്യാണം കഴിക്കാൻ സമ്മതിച്ചു.

മോഹൻ ഒരു ആഹാര കച്ചവടക്കാരൻ  ആയിരുന്നു. അതുകൊണ്ടുതന്നെ.

ഷഫാരി ഇത് കേട്ടപ്പോൾ തന്നെ കല്യാണത്തിന് സമ്മതിച്ചു.

മോഹൻ ഈ കാര്യം അറിഞ്ഞത് വിവാഹ ദിവസം ആയിരുന്നു. അപ്പോഴും ഷഫാരി പൊട്ടിക്കരഞ്ഞുകൊണ്ട് ഇരുന്നു.

മോഹൻ ചോദിച്ചു.

ഷഫാരി എന്തുപറ്റി വീടിനെക്കുറിച്ച് ഓർത്തിട്ടാണോ നീ കരയുന്നത്.

ഷഫാരി പറഞ്ഞു ഞാനതു കാരണമല്ല ഇരുന്നു കരയുന്നേ.

പിന്നെ എന്തിനാ കരയുന്നെ?

എനിക്ക് നല്ല രീതിയിൽ വിശക്കുന്നു.

ഒരു മണിക്കൂർ മുമ്പ് അല്ലേ ഞാൻ മധുരം കഴിച്ചത് അതിനുശേഷം ഞാൻ ഒന്നും കഴിച്ചിട്ടില്ല.

പക്ഷേ ഒരു മണിക്കൂർ കഴിഞ്ഞ് എങ്ങനെയാ വിശക്കുന്നേ.

ഞാൻ ആഹാരം കഴിച്ചു കഴിഞ്ഞാൽ അഞ്ചു മിനിറ്റ് കഴിഞ്ഞ് വീണ്ടും വിശക്കും.

അപ്പോളാ നിങ്ങൾ ഒരു മണിക്കൂറിന്റെ കാര്യം പറയുന്നു.

എനിക്ക് ഇത്തിരി ഭക്ഷണം കൊണ്ട് തരാമോ.

ആ ശരി ഇപ്പോ കൊണ്ടുവരാം

കല്യാണത്തിന്റെ ബാക്കി ആഹാരം ഉണ്ടായിരുന്നു അതുകൊണ്ട് കൊടുത്തു10 ചപ്പാത്തി ഒറ്റയടിക്ക് തീർത്തു എന്നിട്ട് പറഞ്ഞു ഇനിയും ചപ്പാത്തി കൊണ്ടുവരു മോഹൻ വീണ്ടും 10 ചപ്പാത്തി കൊണ്ടുവന്നു

ഷഫാരി അതും ഒരു മിനിറ്റ് കൊണ്ട് തീർത്തു ഇനിയും കൊണ്ടുവാ ചപ്പാത്തി തീർന്നുപോയി എന്നാൽ ചോറും സാമ്പാറും അവിയലും തോരനും ഒക്കെ കൊണ്ടുവാ മോഹൻ ഓടിപ്പോയി ആഹാരം കൊണ്ടുവരും ഷഫാരി അതും തീർക്കും.

ഇനിയും വേണം ഷഫാരി ഭക്ഷണം തീർന്നു പോയി

എനിക്ക് ഒന്നും അറിയണ്ട എനിക്ക് ആഹാരം കൊണ്ട് താ...മാഗി ഉണ്ടാക്കി തരാമോ?

ഇത്രയും കഴിച്ചിട്ട് പോലും ഷഫാരിയുടെ വിശപ്പ് തീർന്നില്ല.

മോഹൻ ഒറ്റയടിക്ക് പത്തു മാഗി ഉണ്ടാക്കി കൊടുത്തു മാഗി കഴിച്ചു കഴിഞ്ഞ് ഷഫാരി പറഞ്ഞു ഇപ്പോ എനിക്ക് കുഴപ്പം ഒന്നുമില്ല നമുക്ക് കിടക്കാം. രണ്ടുപേരും കിടന്നു. മോഹൻ പറഞ്ഞു ഇവളെ കെട്ടേണ്ടതില്ലായിരുന്നു ഇതിലും ഭേദം ഞാൻ ഒറ്റയ്ക്ക് ജീവിച്ചാൽ മതിയായിരുന്നു!. ഇനി എന്ത് ചെയ്യാൻ? അനുഭവിക്കുക തന്നെ; ഇത് വെറും ഒരു തുടക്കം മാത്രം. അടുത്ത ദിവസം രാവിലെ ഷഫാരി അടുക്കളയിൽ ഇരുന്ന് പച്ചക്കറി മുഴുവനും തിന്നു തീർത്തിരുന്നു .മോഹൻ അടുക്കളയിൽ വന്ന് നോക്കിയപ്പോൾ കഴിക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. അയ്യോ ഇതെന്താ കഴിക്കാൻ ഒന്നും ഉണ്ടാക്കിയില്ലേ? എനിക്ക് എന്തറിയാം? എനിക്ക് വിശന്നപ്പോൾ എല്ലാം കഴിച്ചു തീർത്തു. ഉച്ചയ്ക്ക് എനിക്ക് വിശക്കുമ്പോൾ ഞാൻ എന്ത് എടുത്തു തിന്നും? ശരി ശരി ഞാൻ കടയിൽ നിന്ന് എന്തെങ്കിലും വാങ്ങിച്ചു കൊണ്ടുവരാം .മോഹൻ ആഹാരം കഴിക്കാതെ തന്നെ കടയിലോട്ട് പോയി അതൊന്നും ഷഫാരിക്ക് ഒരു പ്രശ്നവും അല്ലായിരുന്നു .അവൾ ആഹാരത്തെക്കുറിച്ച് തന്നെ ആലോചിച്ചു .കടയിൽ നിന്ന് രണ്ടു ബിരിയാണി കൊടുത്തുവിട്ടു. ആ രണ്ടു ബിരിയാണി കഴിച്ചിട്ടും അവൾക്ക് വയറു നിറഞ്ഞിരുന്നില്ല. മോഹൻ വൈകുന്നേരം വന്നപ്പോൾ അവൾ പൊട്ടി പൊട്ടി കരയാൻ തുടങ്ങി. ഇനി എന്താ? എന്തിനാ കരയുന്നേ? ഞാൻ ഭക്ഷണം വാങ്ങി തന്നില്ലേ ?രണ്ടു ബിരിയാണി കൊണ്ട് എന്റെ വയറു നിറഞ്ഞില്ല. നിങ്ങൾക്ക് അറിയാല്ലോ ഞാൻ എന്തോരം കഴിക്കുമെന്ന്? എനിക്കൊരു 20 ബിരിയാണി

എങ്കിലും വേണം .20 ബിരിയാണിയോ ?ഷഫാരി, ഞാൻ പാവപ്പെട്ടവൻ ആണ്. എപ്പോഴും ഞാൻ കടയിൽ നിന്ന് എങ്ങനെ ഭക്ഷണം വാങ്ങും? നീ ഇങ്ങനെ ഭക്ഷണം കഴിക്കുകയാണെങ്കിൽ നമ്മൾ എങ്ങനെ ജീവിക്കും ?നീ നിന്റെ ശരീരം നോക്ക്; ഇങ്ങനെ പോയാൽ നിനക്ക് വല്ല അസുഖവും പിടിക്കും. എന്താ  നിങ്ങൾ എന്റെ ആഹാരത്തെയും വണ്ണത്തെയും കളിയാക്കുക അല്ലേ. ഞാൻ പോകുവാ ഞാൻ ഇന്ന് തന്നെ എന്റെ വീട്ടിൽ പോകും. ഇപ്പോ ..മോഹൻ പെട്ടു കല്യാണം കഴിഞ്ഞ് പിറ്റേദിവസം പെണ്ണ് വീട്ടിൽ പോയാൽ നാട്ടുകാർ എന്തുപറയും ? മോഹൻ
ഷഫാരിയെ പറഞ്ഞു മനസ്സിലാക്കാൻ നോക്കി എനിക്ക് തെറ്റുപറ്റി ;നീ ദയവുചെയ്ത് പോവല്ലേ... ഞാൻ പോവാ... നിങ്ങൾക്ക് എന്നെ ഒരു നേരം എങ്കിലും കഴിപ്പിക്കാൻ പറ്റിയില്ല എന്തിനാ എന്നെ കല്യാണം കഴിച്ചേ ;മോഹൻ മനസ്സിൽ പറഞ്ഞു നീ ഇങ്ങനെ ഒരു തീറ്റപ്പണ്ടാരം ആയിരുന്നെന്ന് അറിഞ്ഞില്ല ;ഈശ്വര എന്തു പരീക്ഷണം? മോഹന് അവളോട് മനസ്സിലുള്ള കാര്യം പറയാൻ പറ്റിയില്ല .മോഹൻ ഇങ്ങനെ പറഞ്ഞു ,ശരി നിനക്ക് എന്താണ് വേണ്ടത്? എന്നാൽ നീ അത് കഴിക്ക് നിനക്ക് കടയിൽനിന്ന് എന്തുവേണമെങ്കിലും വാങ്ങിച്ചു തരാം ഇനിമുതൽ എല്ലാ ദിവസവും ഞാനും കടയിൽ വരാം. അങ്ങനെയാവട്ടെ അതിരാവിലെ ഷഫാരി മോഹനന്റെ കൂടെ കടയിൽ പോയി കഴിച്ചു കൊണ്ടേയിരുന്നു .കടയിൽ വരുന്നവർക്ക് ഭക്ഷണം ഒന്നും കിട്ടാതെ അവരെ ഇറങ്ങിപ്പോയി 1 മാസത്തോളം ഇങ്ങനെ കഴിക്കാൻ തുടങ്ങി അതികം വൈകാതെ മോഹന് കട പൂട്ടേണ്ടി വന്നു. പെട്ടെന്ന് ഒരു ദിവസം ഷഫാരിക്ക് വല്ലാത്ത നെഞ്ചുവേദന വന്നു. മോഹൻ അവളെ ഡോക്ടറുടെ അടുത്ത് കൊണ്ടുപോയി ഡോക്ടർ പറഞ്ഞു.ഹാർട്ട് അറ്റാക്ക് ആണത്.
എനിക്ക് എങ്ങനെ അറ്റാക്ക് ഉണ്ടാകാൻ എന്റെ പ്രായം വളരെ കുറവാണ്. ഡോക്ടർ പറഞ്ഞു ഷഫാരി ഭക്ഷണത്തിൽ നിന്നുണ്ടായതാണ് .ഭക്ഷണം ക്രമീകരിക്കുക. ഇപ്പോൾ കൊളസ്ട്രോൾ വളരെ കൂടുതലാണ്.ആവശ്യത്തിന് മാത്രം ഭക്ഷണം കഴിക്കുക. അതോടെ ഷഫാരി ഭക്ഷണം കഴിപ്പ് ക്രമീകരിച്ചു. അതിനുശേഷം അവൾ നല്ല രീതിയിൽ മാറി. ആഹാരം നല്ല രീതിയിൽ കുറച്ചു .വണ്ണം കുറഞ്ഞു .സ്ലിമ്മായി .മോഹന് അവളെ ഇഷ്ടപ്പെടാൻ തുടങ്ങി. അങ്ങനെ മോഹനും ഷഫാരിയും കൂടി കട വീണ്ടും തുടങ്ങി .അവർക്ക് നല്ല ലാഭംഉണ്ടായി.അവർ സമ്പന്ന കുടുംബമായി തീർന്നു .

Mayury Manoj
STD  9B

# സൂര്യൻ ( കവിത )

പ്രകാശം പരത്തിടും സൂര്യൻ ഞാൻ
നക്ഷത്ര ഭീമനാം സൂര്യൻ ഞാൻ
സൗരയൂഥത്തിന്റെ കേന്ദ്രം ഞാൻ
ഭൂമിക്ക് ചൂടും വെളിച്ചവും നൽകും ഞാൻ
ഭൂമി തൻ നിലനിൽപ്പിനാധാരം ഞാൻ
ഹരിത സസ്യങ്ങൾക്ക് ഭക്ഷണം നിർമ്മിക്കാൻ
എന്റെ പ്രകാശം വേണമത്രേ
തോഴരായി എട്ടുപേർ കറങ്ങിടും ആ എട്ടുപേരിൽ ഒരാൾ ഭൂമിയത്രേ
എന്നും കിഴക്കായ് ഉദിച്ചുയർന്നീടും ഞാൻ
ഞാൻ അസ്തമിക്കും പടിഞ്ഞാറു ദിക്കിൽ
ഹൈഡ്രജൻ ഹീലിയം വാതകഭീമന്മാർ
എന്നിൽ നിറഞ്ഞങ്ങു നിൽക്കുന്നുണ്ട്
ശാസ്ത്രജ്ഞന്മാർ എന്നെക്കുറിച്ച് പഠിച്ചിടാൻ
കാലങ്ങൾ മുന്നേ തുടങ്ങിയത്രെ
നിങ്ങൾക്കും എന്നെക്കുറിച്ച് പഠിച്ചിടാം
ശാസ്ത്രജ്ഞരായി വരാൻ കൂട്ടുകാരെ!!

# ലഹരിക്ക് അടിമപ്പെട്ട 14 വയസ്സുകാരൻ...

പണ്ട് ഒരു ഗ്രാമത്തിൽ പാവപ്പെട്ട കുടുംബം ജീവിച്ചിരുന്നു. ആ വീട്ടിലെ ഒരേയൊരു മകനാണ് അച്ചു. അവൻ നന്നായി പഠിക്കുമായിരുന്നു. ഒരു ദിവസം അവൻ സ്ക്കൂളിൽ പോയിട്ട് തിരികെ വന്നപ്പോൾ ഒരു ചേട്ടൻ അവനെ വിളിച്ചു. അവൻ പേടിച്ചുപോയി അങ്ങനെ ദിവസവും വിളിച്ചു കൊണ്ടേയിരുന്നു. അവൻ കാര്യമെന്താണെന്ന് തിരിക്കാൻ ചെന്നു. അപ്പോൾ ആ ചേട്ടൻ അവനെ സൗജന്യമായി ഒരു മിഠായി കൊടുത്തു. അവൻ ആ മിഠായി കഴിച്ചു കൊണ്ട് വീട്ടിലേക്ക് നടന്നു ആ മിഠായി അവന് വളരെ ഇഷ്ടപ്പെട്ടു. പിറ്റേ ദിവസവും ആ ചേട്ടൻ അവനു മിഠായി കൊടുത്തു. പിറ്റേദിവസം സ്ക്കൂളിൽ ഫീസ് കൊടുക്കണം എന്ന് പറഞ്ഞിട്ട് അമ്മ അവന് 00 രൂപ കൊടുത്തു വിട്ടു. അവൻ ആ രൂപകൊടുത്ത് ചേട്ടന്റെ കയ്യിൽ നിന്ന് കുറെ അധികം മിഠായികൾ വാങ്ങി. അങ്ങനെ അമ്മയോട് കള്ളം പറഞ്ഞു നിരന്തരമായി അവൻ മിഠായി കഴിച്ചു കൊണ്ടേയിരുന്നു. അമ്മ ഇതു മനസ്സിലാക്കിയിട്ട് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ തീരുമാനിച്ചു. അങ്ങനെ മകൻ ഈ പൈസ വാങ്ങുന്നത് മിഠായി
വാങ്ങാൻ ആണെന്നും ഒരു ചേട്ടൻ ആണ് അത് കൊടുക്കുന്നതും അമ്മ അവന്റെ കൂട്ടുകാരിൽ നിന്ന് അറിഞ്ഞു. അപ്പോഴേക്കും സ്വന്തം മകൻ ലഹരിക്ക് അടിമപ്പെട്ടു എന്ന സത്യാവസ്ഥ ആ അമ്മയ്ക്ക് മനസ്സിലായി. ഇത് ചെയ്യരുത് എന്ന് മകനോട് പറഞ്ഞു കൊടുത്തിട്ടും അത് മകന് മനസ്സിലാക്കാൻ പറ്റുന്ന ബോധാവസ്ഥയിൽ അല്ലായിരുന്നു. അവസാനം ആ അമ്മയ്ക്ക് കാൻസർ രോഗം മൂലം സ്വന്തം മകനെ നഷ്ടപ്പെട്ട അവസ്ഥയാണ് ഉണ്ടായത്.

സംജിത്
STD 8A

# പഴഞ്ചൊല്ലുകൾ

1. അടുക്കള പിണക്കം അടക്കിവെക്കണം.
2. അടുത്താൽ നക്കിക്കൊല്ലും അകന്നാൽ ഞെക്കില്ലും.
3. അണ്ടിയോട് അടുത്താലെ മാങ്ങായുടെ പുളിയറിയൂ
4. അണ്ണാൻ മുത്താലും മരം കയറ്റം മറക്കുമോ.
5. അത്താഴം മുടക്കാൻ നീർക്കോലി മതി.
6. അമിതമായാൽ അമൃതും വിഷം.
7. അമ്പലം ചെറുതെങ്കിലും പ്രതിഷ്ഠക്ക ബലം.
8. അരി നാഴിയെ ഉള്ളു എങ്കിലും അടുപ്പ കല്ല് മുന്നു വേണം.
9. അല്പന് അർത്ഥമുണ്ടായാൽ അർത്ഥ രാത്രി കുടപിടിക്കും.
10 . അഴകുള്ള ചക്കയിൽ ചുളയില്ല.
11. ആട് കിടന്നിടത്തു പുട കാണും.
12. അഞ്ചു വിരലും ഒരുപോലെ അല്ല.
13. അടക്ക മടിയിൽ വക്കാം അടക്ക മരം ആയാലോ.
14. അകലത്തിൽ ഉള്ള ബന്ധുവിനേക്കൾ നല്ലത് അരി കത്തെ ശത്രു ആണ്.
15. ആന കെടുത്താലും ആശ കൊടുക്കരുത്.
16. ആരെന്റമ്മക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ നല്ല രസം.
17. ആർക്കാ നു വേണ്ടി ഓക്കാനിക്കുക.
18. ആളേറിയാൽ പാമ്പ് ചാവില്ല.
19. ഇടി വെട്ടിയവനെ പാമ്പു കടിച്ചു.
20. ഇക്കരെ നിന്നാൽ അക്കരെ പച്ച.

SIVANANDA K A
STD 8A

# കാലാതീതമായ കാവ്യ പ്രകാശം



മലയാള കാവ്യാകാശത്ത് കാൽപ്പനികതയുടെ വസന്തം തീർത്ത മഹാകവി യാണ് കുമാരനാശാൻ.
"വിപ്ലവത്തിൻ്റെ ശുക്രനക്ഷത്രം "എന്ന് ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ച കുമാരനാശാൻ വിടപറഞ്ഞിട്ട് നൂറ്റ വർഷം പിന്നിട്ടിരിക്കുന്നു. ആശയഗംഭീരനും സ്നേഹ ഗായകനുമായ ആശാൻ ആധുനിക കവിത്രയത്തിലൊരാളായി അറിയപ്പെടുന്നു.
1873 ഏപ്രിൽ 12ന് ചിറയിൻ കീഴ് ഗ്രാമത്തിൽ കായിക്കര ഗ്രാമത്തിൽ തൊമ്മൻ വിളാകം വീട്ടിലാണ് ആശാൻ ജനിച്ചത്. പഠിച്ച സ്കൂളിൽ തന്നെ കുറച്ചു കാലം അധ്യാപകനായി.കുട്ടിക്കാലം മുതൽ കുമാരു കവിത എഴുതുവാൻ തുടങ്ങി. അച്ഛൻ കുമാരുവിനെ ശ്രീനാരായണഗുരു വിനെ പരിചയപ്പെടുത്തി. ഗുരുദേവൻ്റെ ആത്മീയ ചൈതന്യം കുമാരുവിനെ വല്ലാതെ സ്വാധീനിച്ചു. ഇരുപതാം വയസ്സിൽ കുമാരു വക്കം സുബ്രഹ്മണ്യ ക്ഷേത്ര പരിസരത്ത് ഒരു സംസ്കൃത
പാഠശാല ആരംഭിച്ചതോടെ കുമാരനാശാൻ എന്ന് അറിയ പ്പെട്ടു. കുമാരു വിൻ്റെ വൈഭവം മനസ്സിലാക്കി ഗുരുദേവൻ കുമാരനാശാനെ ബാംഗ്ലൂരിൽ ഉപരിപഠനത്തിനയച്ചു. തുടർന്ന് 1898 ൽ കൊൽക്കത്തയിലെ സംസ്കൃത കോളജിൽ ചേർന്നു. ന്യായശാസ്ത്രം, ദർശനം വ്യാകരണം, ഇംഗ്ലീഷ് ഭാഷ തുടങ്ങിയ വയിൽ പ്രാവീണ്യം നേടി. സമൂഹത്തിൻ്റെ ഹൃദയത്തുടിപ്പുകൾ ഉൾക്കൊണ്ടു കൊണ്ട് ഉച്ചനീചത്വങ്ങൾക്കും അനീതിക്കും ചൂഷണത്തിനുമെതിരെ വ്യക്തിപരമായും കവിത കൊണ്ടും പോരാടിയ ദീർഘവീക്ഷണമുള്ള പച്ചമനുഷ്യനായിരുന്നു അദ്ദേഹം. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ജീതിയതയും സൃഷ്ടിച്ച കൂരിരു ളിനെ നിർമ്മേലവും എന്നാൽ അതിശക്ത വുമായ കവിതയുടെ പ്രഭകൊണ്ട് അദ്ദേഹം പ്രകാശ ഭരിതമാക്കി.
ശ്രീനാരായണഗുരുവിൻ്റെ ചികിൽസാർഥം പാലക്കാട് താമസിക്കുമ്പോൾ വീട്ടുമുറ്റത്ത് വാടി വീണ മുല്ലപ്പൂവാണ് മലയാള കവിതാ ചരിത്രത്തിൻ്റെ ഗതിമാറ്റിയ വീണ പൂവിൻ്റെ രചനയ്ക്ക് കാരണമായതെന്ന് കരുതുന്നു. മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും ഒരു നവീനമായൊരനുഭവമായിരുന്നു ആ ഖണ്ഡകാവ്യം. കിടപ്പിലായിരുന്ന ശ്രീനാരായണ ഗുരുവിൻ്റെ അവസ്ഥയും രചനയെ സ്വാധീനിച്ചു എന്നു കരുതുന്നു. നളിനി , ലീല, പ്രരോദനം ചിന്താവിഷ്ടയായ സീത ചണ്ഡാല ഭിക്ഷുകി എന്നിവ യാണ് കുമാര നാശാൻ്റെ ഖണ്ഡകാവ്യങ്ങൾ. 1922 ൽ മദ്രാസ് സർവകലാശാലയിൽ വച്ച് അന്നത്തെ വെയിൽസ് രാജകുവാ രൻ ആശാന് മഹാകവി സ്ഥാനവും പട്ടും വളയും സമ്മാനിച്ചു. 1924 ജനുവരി 16 രാത്രിയിൽ പല്ലനയാറ്റിൽ വച്ചുണ്ടായ ബോട്ടപകടത്തിൽ അൻപത്തൊന്നാം വയസ്സിൽ അദ്ദേഹം മരണപ്പെട്ടു.

AMAL V R
STD 9 A

# എന്റെ പട്ടം

ഒരു കുട്ടി ഭംഗിയുള്ള ഒരു പട്ടം ഉണ്ടാക്കി. അതിലൊരു വാലും വെച്ച് പിടിപ്പിച്ചു വീടിന് വെളിയിലേക്ക് അവൻ ഓടി .മൈതാനത്ത് എത്തും മുമ്പേ അത് മേൽപ്പോട്ട് കുതിച്ചു തുടങ്ങി. മേഘത്തിൽ മുട്ടാത്തക്കവിധം അവന്റെ പട്ടം ഉയർന്ന പറന്ന് കൈവിട്ടു പോകാതെ വളരെ ശ്രദ്ധയോടെ അതിന്റെ ചരട് അയച്ചു വിട്ടു വീണ്ടും വീണ്ടും അതിനെ ഉയർത്തി പറത്തി വിട്ടു. അല്പം താഴ്ത്തി നിർത്തി ആകാശത്തു മുട്ടിക്കേട് പറ്റരുത് അവൻ മനസ്സിൽ കരുതി. കാറ്റ് ശക്തിയായപ്പോൾ അതിനെ താഴെ കൊണ്ടുവന്നു. മഴത്തുള്ളി  വീഴാൻ തുടങ്ങിയപ്പോൾ സാവധാനം താഴെ ഇറക്കി ഒരു തുള്ളി വെള്ളം പോലും വീഴാതെ സൂക്ഷിച്ചു വീട്ടിൽ കൊണ്ടുവെച്ചു .തന്റെ ജീവനും തുല്യം അവൻ അതു സൂക്ഷിച്ചു .പക്ഷേ പട്ടത്തിന് ഒരു ദുഃഖം തോന്നി ഈ പയ്യൻ എന്നെ  കെട്ടിയിട്ടു സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയിരിക്കുകയാണ് , അവൻ പറക്കാൻ പറഞ്ഞാൽ പറക്കണം . താഴെ ഇറങ്ങാൻ ചരട് വലിച്ചാൽ അതുപോലെ ചെയ്യണം ഇങ്ങനെ സ്വാതന്ത്ര്യമില്ലാതെ എന്തിന്  ജീവിക്കണം ?ഇയാളുടെ പിടിയിൽ നിന്ന് സ്വതന്ത്രനാകണം എന്നിങ്ങനെ പട്ടം വിചാരിച്ചു .അവൻ സ്കൂൾ വിട്ടുവന്ന ഉടനെ മൈതാനത്തേക്ക് ഓടി. അന്ന് ശക്തിയായ ഒരു കാറ്റടിച്ചു നൂല് പൊട്ടിയ പട്ടം ഉടനെ കാറ്റിന്റെ ഗതിക്കനുസരിച്ച് ആകാശത്തിൽ ഉയർന്നു ചാഞ്ചാടാൻ തുടങ്ങി .തനിക്ക് സ്വതന്ത്രം കിട്ടി എന്ന സന്തോഷത്താൽ അത് നാല് പാഠം ചുറ്റിക്കറങ്ങി. പെട്ടെന്ന് അതിന്റെ വാൽ ഒരു മുൾച്ചെടിയിലുടക്കി .എത്ര ശ്രമിച്ചിട്ടും അതിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചില്ല. മുള്ള് കുത്തിയത് കാരണം അതിന്റെ വാൽ മുറിഞ്ഞു. ദേഹമെല്ലാം പോറലേറ്റു. കാറ്റടിക്കുമ്പോൾ എല്ലാം അത് ഉള്ളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചു പക്ഷേ സാധിച്ചില്ല .ഒരു പ്രാവശ്യം കാറ്റ് ശക്തിയായി അടിച്ചപ്പോൾ പട്ടം മുൾച്ചെടിയിൽ നിന്ന് വേർപെട്ടു മുകളിലേക്ക്  പറന്നു. മരത്തിലുടക്കി കുറെ ദൂരത്തിൽ ഒരു സമുദ്രം കണ്ടു .സമുദ്രം കണ്ട് പട്ടം പേടിച്ചുപോയി. അതിലേക്ക് വീണാൽ മുങ്ങിപ്പോകും എന്ന് ഭയന്നു. മറുവശത്ത് ഒരു വലിയ പുകക്കുഴിയിൽ നിന്ന് പുകയും തീപ്പൊരിയും വന്നുകൊണ്ടിരുന്നു .അയ്യോ അതിന്റെ അടുത്ത് പോയാൽ കരിഞ്ഞു കത്തി പോകും!. എവിടെ നോക്കിയാലും ഓരോ അപകടം. ഞാൻ ഇഷ്ടത്തിന് ചുറ്റിത്തിരിഞ്ഞാൽ ജീവൻ അപകടത്തിൽ ആകും. അതുകൊണ്ട് ആ പയ്യന്റെ അധീനത്തിൽ ഇരുന്നാൽ എനിക്കൊരു കോട്ടവും സംഭവിക്കില്ല എന്ന് പട്ടം വിചാരിച്ചു .ഈ സമയത്ത് പയ്യൻ, മരത്തിന്റെ അടുത്ത് വന്നു ചെന്ന് ഒരു തോട്ടികൊണ്ട് അയാൾ പട്ടത്തെ സാവധാനം,മരത്തിൽ നിന്ന് താഴെയിറക്കി .പയ്യന് പട്ടം തിരിച്ചുകിട്ടിയതിൽ സന്തോഷം .പട്ടത്തിന് ജീവൻ കിട്ടിയതിൽ അതിനേക്കാൾ വലിയ സന്തോഷം.

VASUDEV R
STD 8B



# "പ്രോട്ടീൻ താക്കോൽ"

**രോഗം** വളരെ നേരത്തെ തിരിച്ചറിയാനും കൃത്യമായ ചികിത്സാരീതി നിശ്ചയിക്കാനും കഴിഞ്ഞാൽ എത്രയോ അകാലമരണങ്ങൾ ഒഴിവാക്കാനാകും!. അതിനു സഹായമായ പ്രോട്ടിയോ മിക്സിനെക്കുറിച്ച് കൂടുതലായി അറിയാം. ജീവശാസ്ത്ര തന്മാത്രകളുടെ പഠനമായ മോളിക്യൂലർ ബയോളജിയിൽ പ്രോട്ടീനുകളെ കുറിച്ചുള്ള പഠനശാഖയാണ് പ്രോട്ടീയോമിക്സ് .ജീവകോശങ്ങളുടെ അടിസ്ഥാന നിർണായ ഘടകങ്ങളിൽ ഒന്ന് പ്രോട്ടീനുകളാണ്.. പ്രോട്ടീൻ ഘടകങ്ങൾ വിശകലനം ചെയ്യാനും കോശങ്ങൾക്കുള്ളിലെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാനും രോഗസാധ്യതയുടെ ജൈവസൂചകങ്ങളെ തിരിച്ചറിയാനുമൊക്കെ പ്രോട്ടിയോമിക്സ് സഹായിക്കും.മാസ്സ് സ്പെട്രോമെടി ,നിർമ്മിത ബുദ്ധി, ബയോ ഇൻഫർമാറ്റിക് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾ ഈ ശാസ്ത്രശാഖയിൽ ഉപയോഗിക്കുന്നു.

## " രോഗനിർണയ സഹായി"

രോഗനിർണയം, ചികിത്സാ പുരോഗതി വിലയിരുത്തൽ, ചികിത്സാ നിർദേശം തയ്യാറാക്കൽ എന്നിവയ്ക്ക് എല്ലാം പ്രോട്ടീയോമിക്സ് വലിയ സഹായമാകും. രോഗാവസ്ഥയിൽ പ്രോട്ടീൻ തന്മാത്രകൾക്കും രാസ ഭൗതിക മാറ്റങ്ങൾ ഉണ്ടാക്കാം .രക്തം, മൂത്രം തുടങ്ങിയ ജൈവ സാമ്പിളുകളിൽ മാറ്റം സംഭവിച്ച പ്രോട്ടീനുകളെ കൃത്യമായി നിരീക്ഷിച്ചു കണ്ടെത്തിയ രോഗത്തെക്കുറിച്ചുള്ള സൂചന ലഭിക്കാം .രോഗങ്ങളുടെ ജൈവസൂചകങ്ങൾ തിരിച്ചറിയുന്നതിനും കാലതാമസം കൂടാതെ രോഗം നിർണയം നടത്തുന്നതിനും ചികിത്സയിലൂടെ ഫലങ്ങൾ നിരീക്ഷിക്കുന്നതിനും പ്രോട്ടീയോമിക്സ്ഡേറ്റ സഹായിക്കും. അർബുദം ,ഹൃദ്രോഗം എയ്ഡ്സ് ,വൃക്ക രോഗങ്ങൾ ,പ്രമേഹം തുടങ്ങിയവ കണ്ടെത്താൻ പ്രോടീയോമിക് ബയോമാർക്കർഉപയോഗിക്കാം. US ലെ ട്ടിനാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൻറെ ക്ലീനിക്കൽ പ്രോട്ടിയോമിക് ട്യൂമർ അനാലിസിസ് കൺസോർഷ്യം ഇത്തരത്തിൽ അർബുദത്തെ പഠനവിധേയമാക്കുന്ന സംരംഭമാണ്. വൻകുടലിൽ സ്തന, അണ്ഡാശയ അർബുദങ്ങളുടെ വിശകലനത്തിന് (സി.പി.ടി എ.സി) )തുടക്കമിട്ടിട്ടുണ്ട് . അർബുദമായി ബന്ധപ്പെട്ട അജ്ഞാതമായിരുന്ന പല കാര്യങ്ങളിലും പ്രോടീയോമിക്സിന്റെ സഹായത്താൽ ഭാവിയിൽ കണ്ടെത്താം. ബ്രിട്ടീഷ് മെഡിക്കൽ ഓങ്കോളജി ജേണലിൽ ജനുവരിയിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ അടിസ്ഥാനപ്പെടുത്തി അർബുദ നിർണയ രീതി ഗവേഷകർ വികസിപ്പിച്ചതിനെ പറ്റി വിവരിക്കുന്നുണ്ട്.

## "കിറുകൃത്യം മരുന്ന് "

നൂതനമായ വികസിപ്പിക്കുവാനും പ്രോട്ടിയോമിക്സ് സഹായിക്കും. രോഗങ്ങളുടെ അടിസ്ഥാന തന്മാത്ര സംവിധാനങ്ങൾ കൃത്യമായി മനസ്സിലാക്കുവാനും രോഗബാധിത ഭാഗങ്ങളിൽ വേണ്ട അളവിൽ മരുന്ന് നിർദ്ദേശിക്കാനും കഴിയും. കൂടുതൽ ഫലപ്രാപ്തിയും കുറച്ചു പാർശ്വഫലങ്ങളും ഉള്ള മരുന്നുകളുടെ രൂപകൽപ്പന അതുവഴി സാധ്യമാകും .ജനിതക പഠനം മറ്റു സാങ്കേതിക വിദ്യകൾ എന്നിവയുമായുള്ള പ്രോട്ടീയോമിക്സ് ഡേറ്റയുടെ സംയോജനം രോഗത്തെക്കുറിച്ചുള്ള കൂടുതൽ ധാരണ നൽകും കൃത്യവും വ്യക്തിഗതവുമായ ചികിത്സാരീത്ക്ക് ഇത് ഗുണകരമാണ്.

## " ജീവ പരിണാമ രഹസ്യം തേടി"

പ്രാചീന മനുഷ്യരുടെ ഫോസിലുകളിലെ പല്ലുകളിലും ഒക്കെയുള്ള പ്രോട്ടീൻ കണങ്ങൾ ജീവപരിണാമ രഹസ്യങ്ങൾ വഹിക്കുന്നവയാണ്. അവ പ്രോട്ടിയോമിക്സ് ഉപയോഗിച്ച് കണ്ടെത്താം .ഇത്തരത്തിലുള്ള ഒരു ഗവേഷണം ലണ്ടനിലെ ഫ്രാൻസിസ് ക്രിക്ഇൻസ്റ്റിറ്റ്യൂട്ടും നാച്ചുറൽ ഹിസ്റ്ററി മ്യൂസിയവും കഴിഞ്ഞ വർഷം തുടങ്ങി .മനുഷ്യരുടെ മുൻഗാമികളുടെ ശരീരത്തിൽ ഉണ്ടായിരുന്ന പ്രോട്ടീനുകളെ തിരിച്ചറിയാനും കഴിഞ്ഞ രണ്ട് ദശലക്ഷം വർഷത്തെ മനുഷ്യരാശിയുടെ ചരിത്രത്തെ കുറിച്ചും പുതിയ വിവരങ്ങൾ നൽകുവാനും പ്രോട്ടിയോമിക്സിലൂടെ സാധിച്ചേക്കും.

TEJAS E REJI
STD 9A

# DREAM TO REAL LIFE

In a city there lived a boy, his name was Eric. He was nice to everyone. But his parents used to tease him very much, making comparisons with other students based on his studies. He tried very hard everyday but no one appreciated his hardwork. He dreamed of becoming a doctor. He thought " You cannot save the whole world but you can save a man right in front of you." One day he told his parents about his dream.But they made fun of him. Eric was heartbroken, he never expected something like this from his parents.

Eric had a brother, he was not well and his parents did not take proper care of his illness. He saw his brother waking up from sleep and looked as if he was terrified after seeing something. Eric noticed this almost every night. He didn't understand why?

Days passed, one day his grandfather suddenly passed away. But his parents didn't seem to care. They didn't even take him to see his grandpa one last time. His brother and Eric cried as they loved their grandfather very much. At that time, he asked his brother why he was scared at night ? His brother didn't reply.But he asked again and again, finally his brother was about to say something, then suddenly their parents came and told them that their grandma is no more, she was murdered at Grandfather's funeral.
But how?
Who killed their grandma?
His parents didn't seem to reply and went somewhere without saying anything else. Eric started thinging why are his parents like this ? Why they didn't even care about grandma and grandpa's sudden demise?

Eric suddenly heard a gunshot, he ran in search of his parents, but couldn't find them. Eric suddenly tried to call them; the call wasn't connecting. Later that night his parents came home all drunk and started scolding Eric again and again. Eric lost control and shouted back at them, then close the door with anger.
At that time he noticed something, his brother was not scared last night when his parents were not home. Eric's doubt increased. He asked his brother again and his brother told him that every night his brother noticed their parents went to a secret room.One day he went inside the secret room and saw many dead bodies there.
Eric was confused. What! dead bodies in our house?
Eric's brother said that he saw grandma's dead body there. Eric got scared but determined to find out the truth he searched outside the house and got many clues. Eric understood that his parents were serial Killers and they killed his grandparents.
Eric was scared to run away as they might kill Him and his brother too. So he waited for the dinner time, mixed grandpa's sleeping pills in the food and when everyone slept he informed the police. Eric's parents were arrested and Eric and his brother was sent to an orphanage were they lived happily without being afraid of their parents.

**NADHASHA A**
**STD 8A**

# <u>QUOTES OF ABDUL KALAM</u>

"Man needs is difficulties because
they are necessary to enjoy success ".

"Accept your past without regret handle
your present with confidence and face your future
without fear"

"Dream is not that which you see while sleeping
it is something that does not let you sleep"

"You cannot change your future but you can change
your habits and surely your habits will change your future"

"Every successful person has a painful story.
every painful story has a successful ending.Accept the pain and get ready for success."

"All of us do not have equal talent.
But, all of us have an equal opportunity to develop our talents"

"If you fail,never give up because
FAIL means first Attempt in learn"

"Dream,Dream,Dream.
Dream transform into thoughts and thoughts result in action."

-ASLAMOL H
STD : 9A

# ARTIFICIAL INTELLIGENCE

**A**rtificial intelligence is the stimulation of human intelligence processes by machines, especially computer systems. Specific applications of AI includes expert systems, natural language processing, speech recognition and machine vision.
As the hype around AI has accelerated vendors have been scrambling to promote how their products and services use it. Often, what they refer to as AI is simply a learning.
AI requires a foundation of specialised hardware and software for writing and training machine learning algorithms. No single programming language is synonymous with AI but python, R language, Java, C++ and Julia have features popular with AI developers.

AI is important for its potential to change how we live, work, and play.
It has been effectively used in business to automate tasks done by humans including, costumer service work, lead generation, fraud detection and quality control.
In a number of areas, AI can perform tasks such as analysing large number of documents to ensure relevant fields are filled in properly, AI tools often completes job quickly and with relatively few errors because of the massive data sets it can processes, AI can also give enter prises insights into their operations they might not have been aware of. The rapidly expanding population of generative AI tools will be important field ranging from equations and marketing to product design.

**ABHINAV KISHORE**
**STD 9 A**

# SOCIAL SCIENCE QUIZ

1. What is the name of the smallest planet in the solar system?
   Mercury

2. What is the name of the hottest planet in the solar system?
   Venus
3. What is the name of the coldest planet in the solar system?
   Neptune

4. What is the name of the brightest planet in the solar system?
   Venus

5. What is the name of the planet with the longest day?
   Jupiter

6. What is the name of the planet with the shortest day?
   Mercury

7. What is the name of the planet with the most moons?
   Jupiter

8. What is the name of the planet with the least moons?
   Mercury

9. What is the name of the planet with the largest volcano?
   Jupiter

10. What is the name of the planet with the largest ocean?
    Earth

11. What is the name of the planet with the largest desert?
    Venus

**GOURINANDA K S**
**STD 9A**

## *SCIENCE*

Science is ready
Lesson are all new
All you have to do
Listen to your teacher
to learn something new.
hey science time
Oh it's science time
Be ready
It's more fun
More activity
Hey science time
I like it
I love it
I love my teacher too...

- ARPITHA
STD 6

# !! सुन्दर तस्वीर !!

एक राजा था जिसकी केवल एक टाँग और एक आँख थी। उस राज्य में सभी लोग खुशहाल थे क्यूंकि राजा बहुत बुद्धिमान और प्रतापी था।

एक बार राजा के मन में विचार आया कि क्यों न खुद की एक तस्वीर बनवायी जाये। फिर क्या था, देश विदेशों से चित्रकारों को बुलवाया गया और एक से एक बड़े चित्रकार राजा के दरबार में आये।

राजा ने उन सभी से हाथ जोड़ कर आग्रह किया कि वो उसकी एक बहुत सुन्दर तस्वीर बनायें जो राजमहल में लगायी जाएगी। सारे चित्रकार सोचने लगे कि राजा तो पहले से ही विकलांग है, फिर उसकी तस्वीर को बहुत सुन्दर कैसे बनाया जा सकता है? ये तो संभव ही नहीं है और अगर तस्वीर सुन्दर नहीं बनी तो राजा गुस्सा होकर दंड देगा।

यही सोचकर सारे चित्रकारों ने राजा की तस्वीर बनाने से मना कर दिया। तभी पीछे से एक चित्रकार ने अपना हाथ खड़ा किया और बोला कि मैं आपकी बहुत सुन्दर तस्वीर बनाऊँगा जो आपको जरूर पसंद आएगी। फिर चित्रकार जल्दी से राजा की आज्ञा लेकर तस्वीर बनाने में जुट गया। काफी देर बाद उसने एक तस्वीर तैयार की जिसे देखकर राजा बहुत प्रसन्न हुआ और सारे चित्रकारों ने अपने दातों तले उंगली दबा ली।

उस चित्रकार ने एक ऐसी तस्वीर बनायीं जिसमें राजा एक टाँग को मोड़कर जमीन पर बैठा है और एक आँख बंद करके अपने शिकार पर निशाना लगा रहा है।

राजा ये देखकर बहुत प्रसन्न हुआ कि उस चित्रकार ने राजा की कमजोरियों को छिपाकर कितनी चतुराई से एक सुन्दर तस्वीर बनाई है।

राजा ने उसे खूब इनाम एवं धन दौलत दी। तो क्यों ना हम भी दूसरों की कमियों को छुपाएँ, उन्हें नजरअंदाज करें और अच्छाइयों पर ध्यान दें।

शिक्षा:-
आज कल देखा जाता है कि लोग एक दूसरे की कमियाँ बहुत जल्दी ढूंढ लेते हैं चाहें हममें खुद में कितनी भी बुराइयाँ हों लेकिन हम हमेशा दूसरों की बुराइयों पर ही ध्यान देते हैं कि अमुक आदमी ऐसा है, वो वैसा है।

हमें नकारात्मक परिस्थितियों में भी सकारात्मक सोचना चाहिए और हमारी सकारात्मक सोच हमारी हर समस्याओं को हल करती है।

SREEPARVATHY S J
STD 6A

# साइबर क्राइम

इंटरनेट के द्वारा हम अनगिनती कार्य करते हैं। इंटरनेट के द्वारा दफ्तर के कार्य, ऑनलाइन पढ़ाई, शॉपिंग, नौकरी खोजने, एक दूसरे से सफल साधन इस तरह के कार्य हम करते हैं। ए से में इंटरनेट का इस्तेमाल कुछ लोग गलत और अवॉइड कार्यों के लिए करते हैं।

कुछ अपराधी इंटरनेट का गलत उपयोग करके अन्य व्यक्तियों को मानिएगा और शारीरिक कहानी पहुंचते हैं। इंटरनेट का गलत इस्तेमाल करके जो अपराध किए जाते हैं, उसे साइबर क्राइम कहते हैं।

अक्सर कई लोग हर दिन साइबर अपार यादव का शिकार हो रहे हैं। अब इसके विरुद्ध कुछ नियम बनाए गए हैं। जो व्यक्ति पकड़े जाते हैं उन्हें सजा मिलते हैं। साइबर अपर यादव 2 तरीके के होते हैं। ए से अपराध जिसमें कंप्यूटर को एक लक्ष्य और दूसरा हथियार के हिसाब से उपयोग किया जाता है।

क्राईम रिकॉड्र्स डोरो के मुताबिक साइबर अपराध दिन प्रतिदिन बढ़ रहे हैं। रिपोर्ट के अनुसार 2022 के बाद से साइबर क्राइम में बढ़ोतरी हुई है। ए से लोग जो साइबर क्राइम कर रहे, अकड़े के मुताबिक उनकी आयु नकरीबन 18 से 30 साल तक की है।

साइबर क्राइम के प्रभाव

लोग अपने निजी डेटा को दुनिया के साथ सांचा नहीं करना चाहते हैं। हाइक कारण लोगों को बहुत नुकसान होता है। कुछ लोग अपने डेटा के दुरुपयोग के कारण आहत हो जाते हैं और आत्महत्या टक्कर लेते हैं।

साइबर अपराध इंटरनेट की मदद से होता है। इसमें अपराधी किसी व्यक्ति के कंप्यूटर नेटवर्क को बेकार टिपिक और मैसेज से भर देते है। उनका मकसद सिर्फ उसे व्यक्ति को परेशान करना होता है।


MEERA TM
STD 9A

# संस्कृत भाषया महत्त्वं

संस्कृत भाषा विश्वस्य सर्वासु भाषासु प्रचीनतमा सर्वोत्सहित्य संयुक्ता चास्ति। भाषा संस्कृत वाहिनी। अस्माकं संस्कृति संस्कृत भाषां अधिष्ठिता। प्राचीन समये एवैव भाषा सर्वसाधारणा आसीत संस्कृत भाषा सर्वासां भारतीय भाषाणां जननी अस्ति। चत्वारा वेदा रामायण महाभारतं भगवतगीता इत्यादि ग्रन्था संस्कृत भाषायां एव विरचितानि। प्राचीन काले एवैव भाषा सर्वसधरणा आसीत्। लोका समस्ता सुखिनो भवन्तु वसुधैव कुटुम्बकं जननी जन्म भूमिश्च स्वर्गादपि गरीयसि इत्यादीनि आप्तवक्यानि मनविकतया उद्बोधकानि भवन्ति। अत चिरपुरातनी एषा आर्षवाणी नित्यनूतनी एव।

कृष्णेन्धु

कक्ष्या 7A



നന്ദി....

ഒരു പാട് തിരക്കുകൾക്കിടയിൽ ഈ എളിയ മാഗസിൻ ചെയ്യാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

ഊർജ്ജമായി കൂടെ നിന്ന എഡിറ്റോറിയൽ ബോർഡ് .......

വെളിച്ചമായി കരുത്തായി മുന്നിൽ നയിച്ച ഹെഡ്മിസ്ട്രസ് ....

ആഘോഷ മാക്കിയ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ ..................

എല്ലാ സുമനസുകൾക്കും മനസ്സു നിറഞ്ഞ വാക്ക് .....

# നന്ദി................................

–മായാദേവി ടീച്ചർ